**മധുരമായ കുട്ടികളെ - ബാബയെ ഓർമ്മിക്കുന്നതിന്റെ ശീലമുണ്ടാക്കൂ എങ്കിൽ ദേഹീ-അഭിമാനി ആയിത്തീരും, ലഹരിയും സന്തോഷവും നിലനില്ക്കും, പെരുമാറ്റം നന്നായി കൊണ്ടിരിക്കും.**

**ചോദ്യം** : ചില കുട്ടികൾ ജ്ഞാനാമൃതം കുടിച്ചിട്ടും ചാരൻമാർ ആകുന്നു - എങ്ങനെ ?
**ഉത്തരം** : ഒരു ഭാഗത്ത് ജ്ഞാനാമൃതം കുടിച്ചിട്ട് മറു ഭാഗത്ത് പോയി മോശമായ കർമ്മങ്ങൾ ചെയ്യുന്നു അതായത് ആസുരീയ പെരുമാറ്റത്തിലൂടെ ഡിസ്സർവ്വീസ് ചെയ്യുന്നു, ഈശ്വരന്റെ കുട്ടിയായിട്ട് തന്റെ പെരുമാറ്റത്തെ നന്നാക്കുന്നില്ല, പരസ്പരം മായാവി കാര്യങ്ങൾ പറയുന്നു, പരസ്പരം ദുഃഖിപ്പിക്കുന്നു. ഇങ്ങനെയുള്ളവരാണ് ചാരന്മാർ. ബാബ പറയുന്നു കുട്ടികളേ, നിങ്ങൾ ഇവിടെ വന്നിരിക്കുന്നത് അസുരനിൽ നിന്നും ദേവതയാകുവാനാണ് അതുകൊണ്ട് സദാ ജ്ഞാനത്തിന്റെ ചർച്ച ചെയ്യൂ, ദൈവീക ഗുണം ധാരണ ചെയ്യൂ, ഉള്ളിൽ എന്തെങ്കിലും അവഗുണമുണ്ടെങ്കിൽ അവയെ കളയൂ. ബുദ്ധിയെ സ്വച്ഛവും ശുദ്ധവുമാക്കൂ.

**ഗീതം**: ഭാഗ്യം ഉണർത്തി വന്നിരിക്കുകയാണ്....

**ഓം ശാന്തി**. കുട്ടികൾ ഗീതം കേട്ടു, കുട്ടികൾ തന്നെയാണ് പാടിയത്. ഏതൊരു സ്ക്കൂളിൽ പോകുമ്പോഴും ഭാഗ്യത്തെക്കുറിച്ച് ബുദ്ധിയിലുണ്ടാകുമല്ലോ, ഞങ്ങൾ ഈ പരീക്ഷയിൽ ജയിക്കും. ബുദ്ധിയിൽ ഭാഗ്യത്തിന്റെ ഉദ്ദേശ്യലക്ഷ്യം ഉണ്ടായിരിക്കും. ഇപ്പോൾ നാം നമ്മുടെ ഭാഗ്യത്തിൽ പുതിയ ലോകത്തെ ധാരണ ചെയ്തു വെച്ചിരിക്കുകയാണ് എന്ന് നമുക്കറിയാം. പുതിയ ലോകം രചിക്കുന്ന പരമപിതാ പരമാത്മാവിൽ നിന്ന് നമ്മൾ സമ്പത്ത് നേടുന്നതിനുള്ള ഭാഗ്യം കൊണ്ടു വന്നിരിക്കുന്നു. എന്ത് സമ്പത്താണ്? മനുഷ്യനിൽ നിന്ന് ദേവത അല്ലെങ്കിൽ നരനിൽ നിന്ന് നാരായണൻ ആകുവാനുള്ള സമ്പത്ത്. ഈ രാവണന്റെ ഭ്രഷ്ടാചാരി രാജ്യത്തിൽ നിന്ന് നമ്മെ കൊണ്ടുപോകുന്നു. ഇതാണ് രാവണന്റെ ഭ്രഷ്ടാചാരി രാജ്യം, ഭ്രഷ്ടാചാരികൾ വികാരത്തിലൂടെയാണ് ജന്മമെടുക്കുന്നത് കൂടാതെ വികാരികളെയാണ് ഭ്രഷ്ടാചാരികൾ എന്ന് പറയുന്നത്. ഭഗവാന്റെ വാക്കുകളാണ്-കാമം മഹാശത്രുവാണ്, നിങ്ങൾ ഇതിനുമേൽ ജയിക്കണം എങ്കിലേ ശ്രേഷ്ഠാചാരി ആകുകയുള്ളു. ഭാരതം തന്നെ ഭ്രഷ്ടാചാരിയും ശ്രേഷ്ഠാചാരിയുമാകും. അഴുക്കു സ്വഭാവമുള്ളവരെ യാണ് ഭ്രഷ്ടാചാരികളെന്ന് പറയുന്നത്. സത്യയുഗത്തിൽ ഭ്രഷ്ടാചാരികളേയില്ല കാരണം അവിടെ മായയുടെ രാജ്യമേയില്ല. ഇപ്പോൾ രാവണ രാജ്യമാണ്. സർവ്വരിലും 5 വികാരങ്ങളാണ്. സത്യയുഗത്തിലും രാവണന്റെ രാജ്യമായിരുന്നുവെങ്കിൽ അവിടെയും രാവണനെ കത്തിക്കുമായിരുന്നു. അവിടെ ഇങ്ങനെയുള്ള കാര്യങ്ങളൊന്നുമില്ല. അവിടെയുള്ളവർ ശ്രേഷ്ഠാചാരികളാണ്. ഭ്രഷ്ടാചാരി ലോകത്തിൽ ആരെങ്കിലും ഉന്നത പദവിയിലിരിക്കുന്നവരാണെങ്കിലും അവരെ സർവ്വരും ബഹുമാനിക്കും. അതുപോലെ സന്ന്യാസികളും ഉയർന്ന സ്ഥാനത്ത് ഇരിക്കുന്നവർ ആണെങ്കിൽ അവരെ സർവ്വരും ബഹുമാനിക്കും, കാരണം അവർ പവിത്രമായിരിക്കുന്നു. അതുകൊണ്ടാണ് മനുഷ്യരെല്ലാവരും അവരെ നല്ലവരായി അംഗീകരിക്കുന്നത്. ഗവൺമെന്റും തങ്ങളേക്കാൾ നല്ലവരാണെന്ന് മനസിലാക്കുന്നു. അവരെ തങ്ങളുടെ രാജഗുരുവാക്കുന്നു. സത്യയുഗത്തിൽ ഗുരുക്കൻമാരുടെ പേര് പോലും ഉണ്ടായിരിക്കില്ല. ഗുരു അർത്ഥം സദ്ഗതി ചെയ്യുന്നവർ. ശാസ്ത്രങ്ങളിൽ കഥകളുണ്ടാക്കിയിട്ടുണ്ട്. രാജാജനകൻ ബ്രഹ്മ ജ്ഞാനവും രാജയോഗ ജ്ഞാനവും ഇല്ലാത്തവരെ ജയിലിൽ പിടിച്ചിട്ടിരുന്നു. രാജയോഗത്തിന്റെ ജ്ഞാനം ലഭിച്ചപ്പോൾ സെക്കന്റിൽ ജീവൻ മുക്തി നേടി. കൈക്കൂലി വാങ്ങുന്നത് മാത്രമല്ല ഭ്രഷ്ടാചാരം കൊണ്ട് അർത്ഥമാക്കു ന്നത്. ബാബ പറയുന്നു-മനുഷ്യരെല്ലാവരും ഭ്രഷ്ടാചാരികളാണ് കാരണം സർവ്വരുടെയും ശരീരം വികാരത്തിലൂടെയാണ് ജന്മം എടുക്കുന്നത്. നിങ്ങളുടെയും ശരീരം വികാരത്തിലൂടെയാണ് ജന്മം എടുത്തിരിക്കുന്നത്. എന്നാൽ നിങ്ങൾ ഇപ്പോൾ സ്വയം തന്നെ ആത്മാവെന്ന് മനസിലാക്കി ബാബയുടേതായി, ദേഹാഭിമാനത്തെ ഉപേക്ഷിച്ചു അതുകൊണ്ട് നിങ്ങൾ പരമപിതാ പരമാത്മാവിന്റെ മുഖവംശാവലികളാണ്, ഈശ്വരീയ സന്താനങ്ങളാണ്. പരമപിതാ പരമാത്മാവ് വന്ന് നിങ്ങൾ ആത്മാക്കളെ തന്റേതാക്കി. ഇത് വളരെ ഗുഹ്യമായ കാര്യങ്ങളാണ്. നമ്മൾ ആത്മാക്കൾ പരമപിതാ പരമാത്മാവിന്റെ വംശാവലികളായിരിക്കുന്നു. ബാബാ, എന്ന് ആത്മാക്കളാണ് വിളിക്കുന്നത്. സത്യയുഗത്തിൽ ആത്മാക്കൾ പരമാത്മാവിനെ ബാബാ എന്ന് വിളിക്കില്ല. അവിടെ ജീവാത്മാക്കൾ, ജീവാത്മാക്കളെ ബാബാ എന്ന് വിളിക്കും. നിങ്ങൾ ജീവാത്മാക്കളാണ്. സ്വയം തന്നെ ആത്മാവെന്ന് നിശ്ചയപ്പെടുത്തി പരമാത്മാവിനെ ഓർമ്മിക്കു എന്ന് ബാബ ഇപ്പോൾ പറയുന്നു. ഏറ്റവും ഉത്തമമായ ജന്മം നിങ്ങൾ ബ്രാഹ്മണരുടേതാണ്. ഞങ്ങൾ അങ്ങയുടെ കുട്ടികളായിരിക്കുകയാണ് എന്ന് ആത്മാവ് പറയുന്നു. ഗർഭത്തിൽ നിന്നല്ല വന്നത്. ബാബയെ തിരിച്ചറിഞ്ഞ് ബാബയുടേതായി. ശിവബാബാ ഞങ്ങൾ അങ്ങയുടേത് മാത്രമാണ്, ഞങ്ങൾ

അങ്ങയുടെ മാത്രം നിർദ്ദേശമനുസരിച്ച് നടക്കും. എത്ര സൂക്ഷ്മമായ കാര്യങ്ങളാണ്. ബാബയുടെ അടുത്ത് പോകുമ്പോൾ ഞങ്ങൾ ശിവബാബയുടെ മുന്നിലാണ് ഇരിക്കുന്നതെന്ന നിശ്ചയമുണ്ടാകണം. ആത്മാവ് നിരാകാരിയാണ് അതുപോലെ ശിവബാബയും നിരാകാരിയാണ്. ശിവബാബയുടെ ഓർമ്മയിലൂടെയാണ് വികർമ്മം വിനാശമാകുന്നത്. ഓർമ്മിക്കുന്നില്ല എങ്കിൽ ഭ്രഷ്ടാചാരിയാകും. എത്ര ഉയർന്ന കാര്യങ്ങളാണ് എന്നാൽ ഞാൻ ആത്മാവ് പരമപിതാ പരമാത്മാവിന്റെ മടിയിലാണ് ഇരിക്കുന്നത് എന്ന് വളരെ കുട്ടികൾ മറന്നു പോകുന്നു. മറന്നു പോകുന്നതുകൊണ്ട് ആ ലഹരി അഥവാ സന്തോഷം ഇരിക്കുന്നില്ല. ബാബയെ ഓർമ്മിക്കുന്നത് ശീലമായെങ്കിൽ ദേഹീഅഭിമാനി ആയിത്തീരും. വിദേശത്ത് ഒരുപാട് പെൺകുട്ടികളുണ്ട് അവർ സൻമുഖത്തല്ലെങ്കിൽ പോലും ബാബയെ ഓർമ്മിക്കുന്നുണ്ട്. ബാബയെ വളരെ സ്നേഹത്തോടെ ഓർമ്മിക്കണം. സജിനി സാജനെ എത്ര സ്നേഹത്തോടെയാണ് ഓർമ്മിക്കുന്നത്, കത്ത് വന്നില്ലായെങ്കിൽ വളരെ വിഷമിക്കുന്നു. നിങ്ങൾ സജിനികൾക്ക് വളരെ അലഞ്ഞിട്ടാണ് സാജനെ ലഭിച്ചത് എങ്കിൽ നന്നായി ഓർമ്മിക്കണം. പെരുമാറ്റവും വളരെ നല്ലതായിരിക്കണം. ആസുരീയ പെരുമാറ്റമുള്ളവരുടെ കഴുത്ത് ഞെരിഞ്ഞുപോകുന്നു. ഇവർ ഓർമ്മിക്കാത്തതുകൊണ്ടാണ് ധാരണയുണ്ടാകാത്തതെന്ന് ബാബ പെരുമാറ്റത്തിലൂടെ തന്നെ മനസിലാക്കും. സേവനം ചെയ്യുവാൻ സാധിക്കില്ലായെങ്കിൽ പദവിയും നേടാൻ സാധിക്കില്ല. ഏറ്റവും ആദ്യം ബാബയുടേതാകണം. ബ്രഹ്മാകുമാരൻ, ബ്രഹ്മാകുമാരിയാകണം. ബ്രഹ്മാകുമാരൻ, ബ്രഹ്മാകുമാരിമാർ തീർച്ചയായും ശിവബാബയെ മാത്രമായിരിക്കും ഓർമ്മിക്കുന്നത് കാരണം മുത്തച്ഛനിൽ നിന്ന് സമ്പത്തെടുക്കണം. ഓർമ്മിച്ചുകൊണ്ടിരിക്കുക എന്നത് വളരെ പരിശ്രമമുള്ള കാര്യമാണ്. ഭോഗ് വെയ്ക്കുന്ന ഭോജനമാണ് ഞങ്ങൾ കഴിക്കുന്നത് അതുകൊണ്ട് ബുദ്ധിയോഗം ബാബയോട് ചേരുമെന്ന് ആരും കരുതരുത്. ഇത് ശുദ്ധ ഭോജനം തന്നെയാണ്. എന്നാൽ ഓർമ്മിക്കുവാൻ പരിശ്രമിക്കുന്നില്ല എങ്കിൽ ഒന്നുമുണ്ടാകില്ല. ഓർമ്മയിലൂടെ മാത്രമേ ശ്രേഷ്ഠാചാരിയാകു. ആദ്യം മുഖ്യം പവിത്രതയാണ്. ആത്മാവിനെ ശുദ്ധമാക്കുവാൻ യോഗബലം വേണം, ജലത്തിൽ സ്നാനം ചെയ്യുന്നതിലൂടെയൊന്നും പാവനമാകുകയില്ല കാരണം ആത്മാവാണ് പതിതമാകുന്നത്. ആഭരണം നല്ലതല്ല എന്നാൽ സ്വർണ്ണം സത്യമായതാണെന്ന് പറയില്ല. അവർ കരുതുന്നത് ആത്മാവ് (സ്വർണ്ണം)ശുദ്ധമാണ്, ആഭരണം (ശരീരം) മോശമാണ് അതുകൊണ്ട് അതിനെ നാം ശുദ്ധമാക്കുന്നു എന്നാൽ അങ്ങനെയല്ല. ആത്മാവ് ശുദ്ധമായതാണെങ്കിൽ ശരീരവും ശുദ്ധമായത് ആയിരുന്നേനെ. ഇവിടെ ഒരാളുപോലും ശ്രേഷ്ഠമല്ല. സത്യയുഗത്തിൽ ഇങ്ങനെ പറയില്ല. അവർ സമ്പൂർണ്ണ നിർവികാരികളായിരുന്നു. വസ്ത്രം(ശരീരം) വികാരിയാണെങ്കിൽ പിന്നെ ആത്മാവ് എങ്ങനെ പവിത്രമായിരിക്കും. സ്വർണ്ണം പവിത്രമായതാണ്, ആഭരണം അസത്യമായതാണ്, ഇത് എങ്ങനെ സംഭവ്യമാകും. ഇപ്പോൾ ആരുംതന്നെ ശ്രേഷ്ഠാചാരികളല്ല എന്ന് നല്ല രീതിയിൽ മനസിലാക്കികൊടുക്കണം. ബാബയെയും തിരിച്ചറിയുന്നില്ല, പവിത്രവുമല്ല.

പാവപ്പെട്ടവരാണ് ഗുപ്ത പുരുഷാർത്ഥം ചെയ്ത് രാജ്യഭാഗ്യം നേടുന്നതെന്ന് നിങ്ങൾ കുട്ടികൾക്കറിയാം. ബാക്കി സർവ്വരുടെയും വിനാശം സംഭവിക്കും. ഈ ജ്ഞാനം ഭാരതത്തിനു വേണ്ടിയാണ്. ബാബ പറയുന്നു, എന്റെ ഭക്തന്മാർക്ക് ഈ ജ്ഞാനം കേൾപ്പിക്കു, ശിവന്റെ പൂജാരികളാകട്ടെ അഥവാ ദേവതകളുടെ പൂജാരികളാകട്ടെ. മറ്റ് ധർമ്മങ്ങളിലേക്കും അനേകർ പരിവർത്തനപ്പെട്ട് പോയി. ഇവിടത്തെ അടിസ്ഥാന കാര്യം പവിത്രതയാണ്, അതുകൊണ്ടാണ് അപവിത്ര മനുഷ്യർ സന്യാസിമാരെ തന്റെ ഗുരുവാക്കി തല കുനിക്കുന്നത്. പരമാത്മാവ് സദാ പവിത്രമാണ്. സമ്പൂർണ്ണ നിർവികാരി എന്നത് ബാബയുടെ മഹിമയല്ല. പരമാത്മാവിന്റെ മഹിമ വേറെയാണ്. ദേവതകളുടെ മഹിമ വേറെ പാടുന്നു – സമ്പൂർണ്ണ നിർവികാരി ...അവർക്ക് പിന്നെ തീർച്ചയായും വികാരികളാകണം. ഇക്കാര്യം ബുദ്ധിയിൽ ധാരണ ചെയ്ത് പിന്നെ മറ്റുള്ളവർക്കും മനസ്സിലാക്കികൊടുക്കണം. യാദവർ, കൗരവർ.....യഥാ രാജാ റാണി തഥാ പ്രജാ സർവ്വരുടെയും വിനാശം സംഭവിച്ചു. ബാക്കി പാണ്ഡവ സേനയുടെ ജയജയകാരം ഉണ്ടായി. അവർ ഗുപ്തമാണ്. പാണ്ഡവർ പർവ്വതത്തിൽ കഴുത്ത് മുറിഞ്ഞ് മരിച്ചു എന്നാണ് ശാസ്ത്രത്തിൽ കാണിച്ചിരിക്കുന്നത്. പ്രളയത്തിന്റെ കണക്കെടുത്തു കളഞ്ഞു, എന്നാൽ പ്രളയമൊന്നും ഉണ്ടാകുന്നില്ല. ഞാൻ ധർമ്മത്തിന്റെ സ്ഥാപന ചെയ്യുന്നു എന്ന് ഗീതയുടെ ഭഗവാൻ പറയുന്നു. പാവന രാജ്യം ഉണ്ടാക്കുവാൻ പതിത ലോകത്തിൽ വന്നിരിക്കുകയാണ്. രാജയോഗം അഭ്യസിപ്പിക്കുവാനാണ് വന്നിരിക്കുന്നത്. ഈ പ്രദർശിനികളിലൂടെ രാജയോഗവും പഠിപ്പിക്കാം. നിങ്ങൾ മനസ്സിലാക്കി കൊടുക്കുന്നതിലാണ് മുഴുവൻ ആധാരവും. നാം എങ്ങനെയാണ് രാജയോഗത്തിലിരിക്കുന്നത് എന്ന ചിത്രം ഉണ്ടാക്കുവാൻ ബാബ പറഞ്ഞിരുന്നു. മുകളിൽ ശിവബാബയുടെ ചിത്രം ഉണ്ടായിരിക്കണം. നമ്മൾ ശിവബാബയുടെ ഓർമ്മയിലാണ് ഇരിക്കുന്നത്. ശിവബാബയുടെ നിർദ്ദേശമനുസരിച്ച് നടക്കുന്നു. ബാബ ശ്രീ ശ്രീ രുദ്രനാണ്, ബാബ നമ്മളെ ശ്രേഷ്ഠരാക്കുന്നു. ശ്രീ ശ്രീ എന്ന വിശേഷണം വാസ്തവത്തിൽ ബാബയുടെതു മാത്രമാണ്. ഈ ഭാരതം എന്തുകൊണ്ടാണ് ഇത്രയും അധ:പതിച്ചത്? ഒന്ന് ഈശ്വരനെ സർവ്വ വ്യാപിയാണെന്നു പറഞ്ഞു, പിന്നെ സ്വയം തന്നെ ഈശ്വരനെന്ന് കരുതിയിരുന്നു.

നിങ്ങൾക്ക് അറിയാം സത്ഗുരു ഒരേഒരു ബാബയാണ്. ബാബയുടെ ജന്മ ഭൂമിയാണിത്. സത്യം സത്യമായ സത്യ നാരായണന്റെ കഥ ബാബ തന്നെ വന്ന് കേൾപ്പിച്ച് തോണി അക്കരെയ്ക്കെത്തിക്കുന്നു. പതിത പാവനനെന്ന് നിങ്ങൾ എന്നെയല്ലേ വിളിക്കുന്നത് എന്ന് ബാബ പറയുന്നു. എനിക്ക് തന്നെ സർവ്വരേയും തിരിച്ച് കൂട്ടികൊണ്ട് പോകണം. ഇത് കണക്കെടുപ്പിന്റെ സമയമാണ്, ഇപ്പോഴാണ് കണക്ക് വഴക്കുകൾ തീർത്ത് നമ്മൾ തിരിച്ച് പോകുന്നത്. നവ ഭാരതം, ന്യൂ ഡെൽഹി വരണം എന്ന് സർവ്വരും പറയുന്നുണ്ട്. നവ ഭാരതം സ്വർഗ്ഗമായിരുന്നു. ഇപ്പോൾ നരകമല്ലേ. ഭ്രഷ്ടാചാരികളായി കൊണ്ടിരിക്കുന്നു. ഇത് മനസിലാക്കേണ്ടതും മനസിലാക്കി കൊടുക്കേണ്ടതുമായ കാര്യങ്ങളാണ്. ആത്മാ പരമാത്മാവിന്റെ രൂപം പോലും ആർക്കും അറിയില്ല. നാം ആത്മാക്കൾ പരമാത്മാവിന്റെ സന്താനങ്ങളാണെന്ന് പറയുന്നുണ്ട് എന്നാൽ ജ്ഞാനം വേണ്ടേ. ബാബയിൽ ജ്ഞാനമുണ്ട്. ആത്മാക്കളിൽ ജ്ഞാനമില്ലല്ലോ. നമ്മൾ ആത്മാക്കൾ എത്ര പുനർജന്മം എടുക്കുന്നു, എവിടെയാണ് വസിക്കുന്നുത്, പിന്നെ എങ്ങനെയാണ് വരുന്നത്, എന്തുകൊണ്ടാണ് ദുഃഖിതരാകുന്നത്.... ഒരു അറിവും ഇല്ല. ബാബ നമ്മൾ ആത്മാക്കളെ പവിത്രമാക്കാൻ വന്നിരിക്കുകയാണെന്ന് നിങ്ങൾ കുട്ടികൾക്ക് അറിയാം. എങ്കിൽ ആ ദൈവീക ഗുണങ്ങളും വേണം. ഞാൻ ദേവത ആകുകയാണെങ്കിൽ എന്നിൽ ഒരു അവഗുണവും ഉണ്ടാകരുത്. അല്ലെങ്കിൽ നൂറ് മടങ്ങ് ശിക്ഷ അനുഭവിക്കേണ്ടി വരും. പവിത്രതയുടെ പ്രതിജ്ഞ എടുത്തിട്ട് പിന്നെ മോശമായ കർത്തവ്യം ചെയ്താൽ 100 ശതമാനം അപവിത്രമാകും. സർവ്വീസിനു പകരം കൂടുതൽ ഡിസർവ്വീസ് ചെയ്യുന്നതുകൊണ്ട് പിന്നെ പദവി ഭ്രഷ്ടമാകും. പരസ്പരം എപ്പോഴും ജ്ഞാനത്തിന്റെ ചർച്ച മാത്രം നടക്കണം. നാം ബാബയുടെ അടുത്ത് വന്നിരിക്കുന്നത്, മുള്ളിൽ നിന്ന് പുഷ്പം അഥവാ മനുഷ്യനിൽ നിന്ന് ദേവതയാകുവാനായി, ബാബയിൽ നിന്ന് സ്വർഗ്ഗത്തിന്റെ ആസ്തി എടുക്കുവാനാണ്. ഇക്കാര്യം ഓരോരുത്തർക്കും കേൾപ്പിച്ച് കൊടുക്കണം. ആത്മാ പരമാത്മാവിന്റെ രൂപം പോലും ആർക്കും അറിയില്ല. ആത്മാക്കൾ പരമാത്മാവിന്റെ സന്താനങ്ങളാണെന്ന് പറയുന്നുണ്ട് എന്നാൽ ജ്ഞാനം ഉണ്ടായിരിക്കണം, ധാരണ ഉണ്ടായിരിക്കണം,. ആരാണോ മായാവി കാര്യങ്ങൾ പറയുന്നത്, മറ്റുള്ളവരെ ദുഃഖിപ്പിക്കുന്നത് അങ്ങനെയുള്ളവരാണ് ചാരൻമാർ. അസുരൻമാരെ ജ്ഞാനാമൃതം കുടിപ്പിച്ചു പിന്നെ അവർ പുറത്തു പോയി മോശമായ കാര്യങ്ങൾ ചെയ്തു എന്ന് കാണിച്ചിട്ടുണ്ട്. ജ്ഞാനാമൃതം കുടിച്ചു കൊണ്ടിരിക്കുകയും കൂടാതെ ഡിസർവ്വീസും ചെയ്യ്തു കൊണ്ടിരിക്കുന്ന വളരെപേർ ഉണ്ട്. വാസ്തവത്തിൽ നിങ്ങൾ സർവ്വരും കന്യകളാണ്, അധർ കുമാരികളുടെ ക്ഷേത്രം പണിതിട്ടുണ്ട്. ദിൽവാഡ നിങ്ങളുടെ കൃത്യമായ ഓർമ്മചിഹ്നമാണ്. നിങ്ങളിലും ചിലരുടെ ബുദ്ധിയിൽ ഇരിക്കാൻ പ്രയാസമാണ്. ബുദ്ധി വളരെ ശുദ്ധമായിരിക്കണം. നിങ്ങൾ ഇപ്പോൾ ഈശ്വരീയ പരിവാരത്തിലേതായി അപ്പോൾ നമ്മളുടെ പെരുമാറ്റം എത്ര നല്ലതായിരിക്കണം എന്ന വിചാരം വരണം. ഇവർക്ക് ശരിക്കും ശ്രീമത്താണ് ലഭിക്കുന്നത് എന്ന് മനുഷ്യർ മനസിലാക്കണം. ഇവിടെ ശ്രേഷ്ഠരിലും ശ്രേഷ്ഠരാകണം, അപ്പോൾ അവിടെ പദവി ലഭിക്കും. ശ്രേഷ്ഠർ ഇവിടെയാണ് ആകേണ്ടത്. ഗൃഹസ്ഥ വ്യവഹാരത്തിൽ ഇരുന്നുകൊണ്ട് ഈ അന്തിമ ജന്മം പവിത്രമായിരിക്കണം. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ശുദ്ധ ഭോജനം കഴിക്കുന്നുണ്ടെങ്കിലും ആത്മാവിനെ പാവനമാക്കുന്നതിന് വേണ്ടി ഓർമ്മിക്കുവാൻ തീർച്ചയായും പരിശ്രമിക്കണം. വികർമ്മം വിനാശമാക്കണം.

2) ഈ അന്തിമ സമയത്ത് തിരിച്ച് വീട്ടിലേക്ക് മടങ്ങണം അതുകൊണ്ട് സർവ്വ പഴയ കണക്കു വഴക്കുകളും അവസാനിപ്പിക്കണം. പരസ്പരം ജ്ഞാനത്തിന്റെ ചർച്ച ചെയ്യണം. മായാവി കാര്യങ്ങൾ പറയരുത്.

## വരദാനം - പവിത്രതയുടെ രാജകീയതയിലൂടെ ബ്രാഹ്മണ ജീവിതത്തിന്റെ വിശേഷതയെ പ്രത്യക്ഷപ്പെടുത്തുന്ന സമ്പൂർണ്ണ പവിത്രമായി ഭവിയ്ക്കട്ടെ.

പവിത്രതയുടെ രാജകീയത തന്നെയാണ് ബ്രാഹ്മണ ജീവിതത്തിന്റെ വിശേഷത. രാജകീയ കുടുംബത്തിലുള്ള കുട്ടിയുടെ മുഖത്തിലൂടെയും പെരുമാറ്റത്തിലൂടെയും ഈ കുട്ടി രാജകീയ കുലത്തിലെതാണെന്ന്

അറിയുവാൻ സാധിക്കുന്നതുപോലെ ബ്രാഹ്മണ ജീവിതത്തിന്റെ തിരിച്ചറിവ് പവിത്രതയുടെ തിളക്കത്തിലൂടെയാണ് ഉണ്ടാകുന്നത്. പെരുമാറ്റത്തിലൂടെയും മുഖത്തിലൂടെയും പവിത്രതയുടെ തിളക്കം കാണപ്പെടണമെങ്കിൽ സങ്കല്പത്തിൽ പോലും അപവിത്രതയുടെ പേരോ അടയാളമോ ഉണ്ടാകരുത്. പവിത്രത അർത്ഥം ഏതൊരു വികാരമോ അശുദ്ധിയുടെ പ്രഭാവമോ ഉണ്ടാകരുത്.

## സ്ലോഗൻ - വ്യർത്ഥത്തെ സമർത്ഥതയിലേക്ക് പരിവർത്തനപ്പെടുത്തുന്നവർ തന്നെയാണ് ഹോളിഹംസം.

### മാതേശ്വരി ജിയുടെ അമൂല്യ മഹാവാക്യങ്ങൾ-

### "ഈ ഈശ്വരീയ സത്സംഗം സാധാരണ സത്സംഗമല്ല"

നമ്മുടെ ഈ ഈശ്വരീയ സത്സംഗം സാധാരണ സത്സംഗമല്ല. ഇത് ഈശ്വരീയ സ്കൂൾ, കോളേജാണ്. ഈ കോളേജിൽ നമുക്ക് റെഗുലറായി പഠിക്കണം, ബാക്കിയെല്ലാം കേവലം സത്സംഗം ചെയ്യൽ, കുറച്ച് സമയം അവിടെപ്പോയിരുന്ന് കേട്ടു, എന്നിട്ടും പഴയപടി തന്നെ, എന്തുകൊണ്ടെന്നാൽ അവിടെ ഒരു പതിവായ പഠിപ്പുമില്ല. എന്തെങ്കിലും പ്രാലബ്ധം ലഭിക്കുന്ന നമ്മുടെ ഈ സത്സംഗം ഒരു കോമൺ സത്സംഗമല്ല. നമ്മുടേതാണെങ്കിൽ ഈശ്വരീയ കോളേജാണ്, ഇവിടെ പരമാത്മാവ് വന്ന് പഠിപ്പിക്കുന്നു, മാത്രമല്ല നാം ആ പഠിപ്പ് പൂർണ്ണമായും ധാരണ ചെയ്ത് ഉയർന്ന പദവി പ്രാപ്തമാക്കുന്നു. എങ്ങനെയാണോ നിത്യവും സ്കൂൾ മാസ്റ്റർ പഠിപ്പിച്ച് ഡിഗ്രി നൽകുന്നത് പോലെ ഇവിടെയും സ്വയം പരമാത്മാ ഗുരു, പിതാവ്, ടീച്ചർ രൂപത്തിൽ നമ്മളെ പഠിപ്പിച്ച് സർവ്വോത്തമ ദേവീ-ദേവതാ പദവി പ്രാപ്തമാക്കിത്തരുന്നു. അതിനാൽ ഈ സ്കൂളിൽ ചേരേണ്ടത് അത്യാവശ്യമാണ്. ഇവിടെ വരുന്നവർക്ക് ഈ ജ്ഞാനം തീർച്ചയായും മനസ്സിലാക്കണം, ഇവിടെ എന്ത് പഠിപ്പാണ് ലഭിക്കുന്നത്, ഈ ശിക്ഷണം സ്വീകരിക്കുന്നതിലൂടെ നമുക്ക് എന്ത് പ്രാപ്തിയുണ്ടാകും! നമുക്ക് മനസ്സിലായി, അതായത് സ്വയം പരമാത്മാവ് വന്ന് ഡിഗ്രി പാസ്സാക്കിത്തരുന്നു, മാത്രമല്ല ഒരൊറ്റ ജന്മത്തിൽ തന്നെ മുഴുവൻ കോഴ്സും പൂർത്തിയാക്കണം. അതിനാൽ ആര് ആരംഭം മുതൽ അവസാനം വരെ ഈ ജ്ഞാനകോഴ്സ് പൂർണ്ണരീതിയിൽ എടുക്കുന്നുവോ അവർ ഫുൾ പാസ്സാകും, ആര് കോഴ്സിന്റെ ഇടക്ക് വെച്ച് വരുന്നുവോ അവർക്ക് ഇത്രയും നോളേജ് എടുക്കാൻ സാധിക്കില്ല, അവർക്ക് എങ്ങനെ അറിയാം മുമ്പത്തെ ക്ലാസ്സിൽ എന്താണ് പഠിപ്പിച്ചതെന്ന്? അതിനാൽ ഇവിടെ റെഗുലറായി പഠിക്കണം, ഈ ജ്ഞാനത്തെ അറിയുന്നതിലൂടെ മാത്രമേ മുന്നേറാൻ സാധിക്കൂ, അതിനാൽ പതിവായി പഠിക്കണം. ഓം ശാന്തി.